**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3617 — 10/04/2013-ൽ മറുപടിയ്ക്ക്

## ജൈവകൃഷിയും ഗ്രീൻഹൗസ് കൃഷിയും

ചോദ്യം
ശ്രീ. കോടിയേരി ബാലകൃഷ്ണൻ

മറുപടി
**കെ.പി.മോഹനൻ**
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) ജൈവകൃഷിയും ഗ്രീൻഹൗസ് കൃഷിയും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ; | എ) ജൈവകൃഷി പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ഒരു ജൈവകൃഷി നയം പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഘട്ടം ഘട്ടമായി ജൈവകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യ പടിയെന്ന നിലയിൽ കാസർഗോഡ് ജില്ലയെ ജൈവ ജില്ലയായി പ്രഖ്യാപിക്കുകയും 2012-2013 സാമ്പത്തിക വർഷത്തിൽ ജൈവകൃഷി പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പച്ചക്കറികളിൽ കീടനാശിനിയുടെ അവശിഷ്ടത്തിന്റെ അളവ് കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിലെ റസിഡ്യു അനാലിസിസ് ലാബിൽ പരിശോധിച്ച് അവ ഭക്ഷ്യ സുരക്ഷിതമാണെന്ന് ഉറപ്പാക്കുന്നതിനായി 'Safe to Eat' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>ജൈവകൃഷി പ്രോത്സാഹനം, ജൈവ ഉത്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നീ പദ്ധതികളാണ് ജൈവകൃഷി വ്യാപനത്തിന്റെ ഭാഗമായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള നടപ്പിലാക്കുന്നത്.<br><br>ജൈവകൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കർഷക പരിശീലനങ്ങളും |

ഡെമോൺസ്ട്രേഷനുകളും വി.എഫ്.പി.സി.കെ നടത്തി വരുന്നു

ഗ്രീൻഹൗസ് കൃഷി പ്രോത്സാഹിപ്പിക്കു ന്നതിന്റെ ഭാഗമായി ഒരു ഗ്രാമപഞ്ചായ ത്തിൽ 3 എന്ന നിരക്കിൽ സംസ്ഥാന 978 ഗ്രാമപഞ്ചായത്തുകളിലായി 2934 കർഷകർക്ക് ഗ്രീൻഹൗസ് നിർമ്മിക്കാൻ സഹായം നൽകുന്നു. 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണം വരുന്ന ഗ്രീൻഹൗസുകളാണ് നിർമിക്കുന്നത്

ഗ്രീൻഹൗസ് കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് താഴെ പറയുന്ന പദ്ധതികളാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള നടപ്പിലാക്കുന്നത്.

1. സംസ്ഥാന സർക്കാരിന്റെ ഹൈടെക് ഫാമിംഗ് പദ്ധതി

2. രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കുന്ന പോളീഹൗസ് പദ്ധതി.

3. പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പടുത്തി പോളീഹൗസിലും തുറസ്സായ സ്ഥലത്തുമുള്ള ഹൈടെക് കൃഷി.

വി.എഫ്.പി.സികെ ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2012-13 സാമ്പത്തിക വർഷം 500 ചതുരശ്ര മീറ്റർ വീതമുള്ള 12 പോളിഹൗസുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ബി) ഇവയ്ക്ക് നൽകുന്ന ആനുകൂല്യങ്ങളും സബ്സിഡികളും എത്രയൊക്കെയാണെന്ന് അറിയിക്കുമോ ?

ബി) 2012-13 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പ് മുഖേന കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ ആനുകൂല്യങ്ങളും, സബ്സിഡികളും ചുവടെ ചേർക്കുന്നു.

1. കൃഷി ഡെമോൺസ് ട്രേഷൻ പ്ലോട്ടുകൾ ഒരെണ്ണത്തിന് 15,000/- രൂപാ നിരക്കിൽ 30 എണ്ണം - 4.50 ലക്ഷം രൂപ.

**ജൈവവളം ഉല്പാദനം**

1. റൂറൽ കംപോസ്റ്റ് നിർമ്മാണത്തിന് ഒരു യൂണിറ്റ് 4500/- രൂപ നിരക്കിൽ 3000 എണ്ണത്തിന് 135 ലക്ഷം രൂപ.

2. മണ്ണിര കംപോസ്റ്റ് നിർമ്മാണം ഒന്നിന് 7500/- രൂപ നിരക്കിൽ 180 യൂണിറ്റിന് 13.5 ലക്ഷം രൂപ.

പൈനാപ്പിൾ, ഇഞ്ചി, വാഴ, പച്ചക്കറി, കശുമാവ്, കുരുമുളക് തുടങ്ങിയ ഹോർട്ടിക്കൾച്ചർ വിളകളെയാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ ജൈവകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജൈവകൃഷി പ്രോത്സാഹനവും സർട്ടിഫി ക്കേഷനും പദ്ധതിയധിഷ്ടിതമായിട്ടാണ് നടപ്പിലാക്കുന്നത്. ജൈവകൃഷി പ്രോത്സാഹനത്തിന് ഹെക്ടറിന് 20,000 രൂപ മൊത്തം ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 10,000 രൂപ അനുവദിക്കുന്നതാണ്. ദേശീയ ഹോർട്ടി ക്കൾച്ചർ മിഷന്റെ മാർഗ്ഗരേഖ പ്രകാരം ഹെക്ടറൊന്നിന് 10,000 രൂപ എന്ന നിരക്കിൽ ലഭ്യമാക്കുന്ന ധനസഹായം മൂന്ന് ഗഡുക്കളായിട്ടാണ് നൽകുന്നത്. ആദ്യ വർഷം 4000 രൂപയും രണ്ടാമത്തെയും മൂന്നാമത്തെയും വർഷം 3000 രൂപ വീതവും നൽകുന്നതായിരിയ്ക്കും.

ജൈവ ഉത്പ്പന്നങ്ങളുടെ സർട്ടിഫിക്കേഷനു വേണ്ടി ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ ധനസഹായം നൽകുന്നുണ്ട്. 50 ഹെക്ടർ സ്ഥലം ഒരു യൂണിറ്റായി കണക്കാക്കി ഇതിന്റെ സർട്ടിഫിക്കേഷനുവേണ്ടി അഞ്ച് ലക്ഷം രൂപ അനുവദിക്കുന്നതാണ്. സർട്ടിഫി ക്കേഷനുള്ള 5 ലക്ഷം രൂപ ആദ്യ രണ്ട് വർഷങ്ങളിൽ 1.50 ലക്ഷം രൂപ

വീതവും, മൂന്നാമത്തെ വർഷം 2 ലക്ഷം രൂപ എന്ന നിരക്കിലും ലഭ്യമാക്കുന്നതാണ്.

ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം കർഷകർക്ക് മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കുന്നതിന് ധനസഹായം നൽകിവരുന്നു. 30'x 8'x 2.5' വ്യാപ്തിയുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റൊന്ന് നിർമ്മിക്കുന്നതിന് മൊത്തം 60,000 രൂപ ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 30,000 രൂപ അനുവദിക്കുന്നതാണ്.

സംസ്ഥാന സർക്കാരിന്റെ ഹൈടെക് ഫാമിംഗ് പദ്ധതി പ്രകാരം 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പോളിഹൗസ് നിർമ്മിക്കുന്നതിന് ചെലവാകുന്ന 3.74 ലക്ഷം രൂപയുടെ 75% തുകയായ 2,80,500/- രൂപ ധനസഹായമായി നൽകുന്നു. ഇതിൽ 1.87 ലക്ഷം രൂപ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വിഹിതവും 0.935 ലക്ഷം രൂപ സംസ്ഥാന വിഹിതവുമായാണ് നൽകുന്നത്.

രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കുന്ന ഹൈടെക് ഫാമിംഗ് പദ്ധതിയിൽ പച്ചക്കറികൾ കട്ട്ഫ്ളവർ എന്നിവ കൃഷി ചെയ്യുന്നതിനായി പരമാവധി 4000 ചതുരശ്ര മീറ്റർ എന്ന പരിധിയ്ക്ക് വിധേയമായി ഒരു ചതുരശ്ര മീറ്ററിന് മൊത്തം ചെലവ് കണക്കാക്കിയിരിക്കുന്ന 935 രൂപയുടെ 50 ശതമാനമായ 467.5 രൂപ ധനസഹായമായി നൽകുന്നു.

കൂടാതെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ മാനദണ്ഡ പ്രകാരം 100 മുതൽ 2000 ചതുരശ്ര മീറ്റർ വരെ അളവുള്ള നാച്യുറലി വെന്റിലേറ്റഡ് പോളീഹൗസ് സ്ട്രക്ചർ നിർമ്മിക്കുന്നതിന് ചതുരശ്ര മീറ്ററിന് മൊത്തം ചെലവ് കണക്കാക്കിയിരിക്കുന്ന 935 രൂപയുടെ 50 ശതമാനമായ 467.5 രൂപ ധനസഹായമായി നൽകുന്നു.

വി.എഫ്.പി.സി.കെ മുഖാന്തിരം നടപ്പാക്കുന്ന 500 ച.മീ ഉള്ള പോളി ഹൗസുകളുടെ നിർമ്മാണത്തിനായി 75% സബ്സിഡി (പരമാവധി 4.5 ലക്ഷം

രൂപ) യാണ് നല്കുന്നത്. ഡെമോൺസ്ട്രേഷനുകൾക്ക് 25000 രൂപ യാണ് സബ്സിഡി നല്കുന്നത്.

**സെക്ഷൻ ഓഫീസർ**